**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3255** **08-10-2025 - ൽ മറുപടിയ്ക്ക്**

**റോഡുകളുടെ ശോച്യാവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റോഡുകളുടെ ശോചനീയാവസ്ഥ സംബന്ധിച്ച് ബഹു. ഹൈക്കോടതി എന്തെങ്കിലും നിർദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം പൂർത്തിയായ ശേഷം 6 മാസത്തിനുള്ളിൽ റോഡുകൾ തകർന്നാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും കരാറുകാരനും എതിരെ ക്രിമിനൽ വകുപ്പുകൾ ചേർത്ത് കേസെടുക്കുമെന്ന് ഉത്തരവ് നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | G2/428/2019/PWD. Dated 02.09.2022 പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ 7500 കേസുകൾ നിലവിലുണ്ടെന്ന് വിജിലൻസ് കോടതിയിൽ അറിയിച്ചിട്ടുണ്ടോയെന്നും ഇത്തരം കേസുകളിൽ മേൽനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (ബി) | വിവരം ശേഖരിച്ചുവരുന്നു. |
| (സി) | റോഡുകളുടെ ശോച്യാവസ്ഥ മൂലമുള്ള മരണങ്ങൾ മനുഷ്യനിർമ്മിതമാണെന്ന് കോടതികൾ നിരവധി തവണ പരാമർശം നടത്തിയിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ അപകടം കാരണം മരണമോ അംഗവൈകല്യം അടക്കമുള്ള പരിക്കുകളോ പറ്റുന്നവരുടെ ആശ്രിതർക്ക് പൊതുമരാമത്ത് വകുപ്പ് നിലവിൽ നഷ്ടപരിഹാരം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കാമോ? | (സി) | വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ